# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ:4580

13.11.2019-ലെ മറുപടി

## കുപ്പിവെള്ള പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പാറക്കൽ അബ്ദുല്ല | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | അൻപത്തിയൊന്ന് ശതമാനം സർക്കാർ വിഹിതവും നാൽപ്പത്തിയൊൻപത് ശതമാനം സ്വകാര്യ പങ്കാളിത്തത്തോടെയുമുള്ള ഇറിഗേഷൻ വകുപ്പിന്റെ കുപ്പിവെള്ള പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; | (എ) | സർക്കാരിന്റെ കീഴിൽ KIIDC-യുടെ ഉടമസ്ഥതയിൽ 4 വർഷം മുമ്പ് തൊടുപുഴയിൽ പ്രവർത്തനമാരംഭിച്ച കുപ്പിവെള്ള ഫാക്ടറി കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നു. കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ അരുവിക്കരയിൽ സ്ഥാപിക്കുന്ന കുപ്പിവെള്ള പ്ലാന്റിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. |
| (ബി) | തൊണ്ണൂറ്റി ഒൻപത് ശതമാനം ജോലികൾ പൂർത്തിയായെങ്കിലും പദ്ധതി യാഥാർത്ഥ്യമാകാതെ വഴിമുട്ടി നിൽക്കുന്നതിന്റെ സാഹചര്യം വ്യക്തമാക്കുമോ; | (ബി) | കേരള വാട്ടർ അതോറിറ്റിയുടെ കുപ്പിവെള്ള പ്ലാന്റിന് ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാന്റേർഡ്സിൽ നിന്ന് അംഗീകാരം കിട്ടുന്നതിനായി കേരള വാട്ടർ അതോറിറ്റിയുടെ അപേക്ഷയെ തുടർന്ന് 2019 മെയ് മാസം ബി.ഐ.എസ് ഉദ്യോഗസ്ഥർ പ്ലാന്റ് സന്ദർശിച്ച വെള്ളത്തിന്റെയും കുപ്പികളുടെയും സാമ്പിളുകൾ പരിശോധനക്കായി കൊണ്ടു പോയിരുന്നു. ബി.ഐ.എസ് പരാമർശിച്ച ചില ന്യൂനതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിരുന്നു. എന്നാൽ പ്ലാന്റ് കമ്മീഷൻ ചെയ്യുന്നതിനും അതിനുശേഷമുള്ള ഉൽപ്പാദനവും വിപണനവും അടക്കമുള്ള നടത്തിപ്പ് കൈകാര്യം ചെയ്യുന്നതിന് കേരള സർക്കാരിന്റെ പൂർണ്ണ ഉടമസ്ഥതയിലും ജലവിഭവ വകുപ്പിന്റെ കീഴിൽ പ്രവൃത്തിക്കുന്നതുമായ KIIDC-യെ ഏൽപ്പിക്കുവാൻ കേരള വാട്ടർ അതോറിറ്റി തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. |

| ചോദ്യം | | മറുപടി | |
|---|---|---|---|
| (സി) | വിപണി നിരക്കിനേക്കാൾ കുറഞ്ഞ വിലയിലും ഗുണമേന്മയിലും കുപ്പിവെള്ളമെത്തിക്കുന്ന വാട്ടർ അതോറിറ്റിയുടെ പ്രസ്തുത പദ്ധതി ഈ രംഗത്ത് വൻ ലാഭം കൊയ്യുന്ന സ്വകാര്യ കമ്പനികൾക്ക് തിരിച്ചടിയാകുമെന്ന് കരുതുന്നുണ്ടോ; | (സി) | കരുതുന്നുണ്ട് |
| (ഡി) | ഈ രംഗത്തെ സ്വകാര്യ കമ്പനികൾ നടത്തുന്ന ചരടുവലികളാണ് പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് തടസ്സമാകുന്നതെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ